- **പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2) കൺവീനറുടെ നടപടിക്രമം**

(ഹാജർ: കെ സതീഷ് കുമാർ)

സംഗ്രഹം:- തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല-ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)- തീരുമാനം സംബന്ധിച്ച്

പരാമർശം:- 1. ശ്രീ മൊയ്തീൻഹാജി, കരിമ്പനതോട്ടത്തിൽ, പാവുക്കോണം എന്നയാൾ നവകേരള സദസ് മുമ്പാകെ നൽകിയ പരാതി

2. ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)യുടെ 18/01/2024 തിയതിയിലെ തീരുമാനം

**ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 19/01/2024**

ശ്രീ മൊയ്തീൻഹാജി, കരിമ്പനതോട്ടത്തിൽ, പാവുക്കോണം എന്നയാൾ നവകേരള സദസ് മുമ്പാകെ, താൻ നിർമിച്ച വീടിന് , ഭൂമിയുടെ തരം നിലം എന്ന വിഭാഗത്തിൽ പെട്ടതിനാൽ അനങ്ങനടി ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിടനമ്പർ അനുവദിച്ചില്ലെന്നും ഈ പ്രശ്നം പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ പരാതി പരിശോധിച്ചു. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കി. സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം ഈ സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണെന്നും അത് തരം മാറ്റുന്ന മുറക്ക് മാത്രമേ കെട്ടിടനമ്പർ അനുവദിക്കാൻ കഴിയുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലേയും ചട്ടത്തിലേയും വ്യവസ്ഥകൾ അനുസരിച്ച് നിലം വിഭാഗത്തിൽ നിന്നും ഈ സ്ഥലത്തെ തരം മാറ്റം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു പരാതിക്കാരൻ അപേക്ഷ യഥാവിധി സമർപ്പിക്കേണ്ടതാണ്. അപേക്ഷകനിൽ നിന്നും ന്യൂനത പരിഹരിച്ച് പുതിയ അപേക്ഷ ലഭിക്കുന്ന മുറക്ക്, നിയമാനുസൃതം കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും, അതുവരെ KPR Act Sec. 235AA പ്രകാരം താൽക്കാലികനമ്പർ നൽകി തുടർനടപടികൾ സ്വീകരിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു

കെ സതീഷ് കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ

തദ്ദേശസ്വയംഭരണവകുപ്പ്, പാലക്കാട്

പകർപ്പ്: ശ്രീ മൊയ്തീൻഹാജി, കരിമ്പനതോട്ടത്തിൽ, പാവുക്കോണം